മുഖമൊഴി

# മതസൗഹാർദ്ദത്തിന്റെ തളിരിലകൾ വിരിയട്ടെ

മതേതര ജനാധിപത്യരാജ്യത്തെ നിയമവ്യവസ്ഥക്ക് കീഴിൽ മതവിശ്വാസികൾക്ക് അവരുടെ വിശ്വാസാചാരങ്ങൾ പുലർത്തി ജീവിക്കാനുള്ള സ്വാതന്ത്ര്യം ആ രാജ്യങ്ങളിലെ ഭരണഘടന നൽകുന്നുണ്ട്. എന്നാൽ അടുത്തകാലത്തായി ഇപ്പറഞ്ഞ മതേതര ജനാധിപത്യരാജ്യങ്ങളിൽ മതേതരത്വത്തിന് മതനിരാസമെന്ന പുതിയ ഭാഷ്യം ചമക്കുകയോ അല്ലെങ്കിൽ ഒരു പ്രത്യേക മതാനുയായികൾക്ക് പൊതുസമൂഹത്തിനു മുന്നിൽ അവരുടെ വിശ്വാസം പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യം ഇല്ലാതാക്കപ്പെടുകയോ ചെയ്യുന്നു. സ്വന്തം വിശ്വാസത്തിനും താൽപര്യത്തിനും അനുസരിച്ചുള്ള അവരുടെ വേഷവിധാനങ്ങൾ രാജ്യത്തെയും ജനങ്ങളെയും ഒറ്റുകൊടുക്കുന്ന, കൊന്നൊടുക്കുന്ന തീവ്രവാദിയുടെതും, അന്യമതത്തെയും വിശ്വാസത്തെയും ഉൾക്കൊള്ളാൻ കഴിയാത്ത മതമൗലികവാദിയുടെതും ആയി മുദ്രകുത്തപ്പെടുകയാണ്.

ആളുകൾ കൂടുന്നിടം മഫ്താധാരിയും പർദയണിഞ്ഞവളും സംശയത്തിലാണ്. ഈ വേഷക്കാരെ കാണുമ്പോൾ മറ്റുള്ളവർ ഓടിമറയുകയും സുരക്ഷാ അലാറം മുഴക്കുകയും ചെയ്യുന്നു. വിമാനങ്ങൾ അടിയന്തിരമായി നിലത്തിറക്കാൻ കാരണമാകുന്നത് യന്ത്രത്തകരാറോ പെട്ടെന്നുള്ള കാലാവസ്ഥാ വ്യതിയാനമോ അല്ല, യാത്രക്കാരുടെ ഇത്തരം വേഷമാണ്. അത് ധരിച്ചുകൊണ്ട് കലാലയങ്ങളിൽ പോലും അവൾക്ക് പോകാനാവുന്നില്ല. സ്ത്രീസ്വാതന്ത്ര്യത്തിന്റെ പേരിൽ ശിരോവസ്ത്രനിരോധനം നടപ്പാക്കിയ പാശ്ചാത്യരാജ്യങ്ങളായ ഫ്രാൻസിനും ബെൽജിയത്തിനും ഒപ്പം തങ്ങളും മതേതരവാദികളാണെന്ന് വരുത്തിത്തീർത്ത തുർക്കിക്കു പിന്നാലെ മതസൗഹാർദ്ദത്തിന്റെ നാടായ കേരളവും ഒരുങ്ങിയിറങ്ങിയിരിക്കുകയാണ്.

മതപരമായ വസ്ത്രം ധരിച്ച് പൊതുസമൂഹത്തിനു മുന്നിൽ വരുന്നവർ തന്നെ സ്കൂൾ മേധാവികളോ അധ്യാപകരോ ആയിരിക്കുന്നിടത്തു തന്നെയാണ് ശിരോവസ്ത്രമണിഞ്ഞതിന്റെ പേരിൽ വിദ്യാർത്ഥിനികൾ വിവേചനം നേരിട്ട് പുറത്താക്കലോളം എത്തിപ്പെടുന്നത്. ഇതൊരുതരം അസഹിഷ്ണുതയാണ്. യഥാർത്ഥത്തിൽ ശിരോവസ്ത്രം ധരിക്കുന്നവളല്ല, അതു കണ്ടു സഹിക്കാൻ ആവുന്നില്ല എന്നു പറയുന്നവരുടെ സങ്കുചിതത്വമാണ് മതമൗലികവാദം എന്ന് തിരിച്ചറിയപ്പെടാതെ പോവുകയാണ്. തങ്ങളുടെ വ്യക്തിത്വം പ്രകടിപ്പിക്കാൻ ആവാത്ത പൊതു ഇടങ്ങളിൽ നിന്ന് മാറിനിന്നുകൊണ്ട് വിദ്യയും ജോലിയുമൊക്കെ സ്വീകരിക്കുന്ന പ്രവണത വ്യത്യസ്ത മതക്കാരായ രക്ഷിതാക്കളിലും കുട്ടികളിലും ഉണ്ടായാൽ അത് നമ്മുടെ മതേതരത്വത്തിന് ഏൽപ്പിക്കുന്ന കളങ്കം വലുതായിരിക്കും എന്ന് നാം തിരിച്ചറിയണം.

നമ്മുടെ സ്കൂൾ, കാമ്പസ് മുറികളിൽ തട്ടമിട്ടവളും കുരിശുമാലയണിഞ്ഞവളും പൊട്ടുതൊട്ടവളും എല്ലാം അടുത്തകാലം വരെയും ഒരേ ബെഞ്ചിൽ തോളുരുമ്മിയിരുന്നിരുന്നു. നിഷ്കളങ്കബാല്യങ്ങൾക്കും കൗമാരങ്ങൾക്കും മനസ്സുതുറക്കാനും അടുത്തറിയാനും അതൊരു മറയായിരുന്നില്ല. ഈ മനസ്സുകളിലേക്കാണ് നിക്ഷിപ്ത താത്പര്യക്കാർ തങ്ങളുടെ വേരുകൾ ആഴ്ത്താൻ ശ്രമിക്കുന്നത്. ഇത് വളർന്ന് വടവൃക്ഷമാകാൻ അനുവദിച്ചാൽ അതിൽ നിന്ന് പൊഴിഞ്ഞുപോകുന്നത് മതസൗഹാർദ്ദത്തിന്റെ തളിരിലകളായിരിക്കും.